(ഡി) ഡി.എച്ച്.എസ്.ന്റേയും ഡി.എം.ഇ.യുടേയും കീഴിൽ സ്പെഷ്യൽ ബാങ്ക് ടെക്നിഷ്യന്മാരായി നിയമിക്കപ്പെടുന്നതിന് ഏറ്റവും ഒടുവിൽ സ്ഥാ ക്രമം 22-11-94 ലും 28-9-93 ലും ആണ് പി.എസ്.സി. അപേക്ഷ ക്ഷണിച്ചത്.

(ഇ) ഡി.എച്ച്.എസിന്റെ കീഴിൽ 5 ഒഴിവുകൾ ഉണ്ടായിരുന്നു. പിന്നീട് 7 ഒഴിവുകൾ കൂടി ഉണ്ടായി. ഡി.എം.ഒ. യുടെ കീഴിൽ 20 ഒഴിവുകൾ നിലവിലുണ്ടായിരുന്നു. പിന്നീട് ആറ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്)ഈ തസ്തികയിലേക്ക് അപേക്ഷിച്ചവരിൽ ഡി.എച്ച്.എസിലേക്കും ഡി.എം.ഇ. യിലേക്കും ഉള്ള നിയമനത്തിന് യോഗ്യരായവരുടെ ലിസ്റ്റ് യഥാക്രമം 11-2-99 ലും, 28-12-98 ലും പ്രസിദ്ധീകരിച്ചു. തസ്തികയിലേക്ക് ഡി.എച്ച്.എസ്. അഞ്ചുപേരെയും നിയമിച്ചു. നാലുപേരെ കൂടി പി.എസ്.സി. ശുപാർശ ചെയ്തിട്ടുണ്ട്. ഡി.എം.ഒ. 26 പേരെ നിയമിച്ചിട്ടുണ്ട്.

(ജി) ബാക്കിയുള്ള ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

208 (2524) തൃശൂർ മെഡിക്കൽ കോളേജിന്റെ വികസനം

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ മെഡിക്കൽ കോളേജിന്റെ വികസനത്തിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി ഏതെങ്കിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) മാസ്റ്റർ പ്ലാനിന് അനുസൃതമായിട്ടാണോ ഇവിടുത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നാനൂറ് കിടക്കകളുള്ള ആശുപത്രി സമുച്ചയം, ഒ.പി. സർജറി ബ്ലോക്കുകൾ എന്നിവയുടെ പണി പുരോഗമിച്ചു വരുന്നു. ടെലിതെറാപ്പി വിഭാഗം, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും പുരോഗതിയിലാണ്. മെഡിക്കൽ കോളേജിലേക്ക് പീച്ചി ഇറിഗേഷനിൽ നിന്നും ശുദ്ധജലം എത്തിക്കാനുള്ള നടപടികൾ തുടരുന്നു. ആശുപത്രിയിൽ ഇൻസിനിറേറ്റർ സ്ഥാപിക്കുവാനുള്ള നടപടികളും ത്വരിതഗതിയിലാണ്.

(ബി)&(സി) മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്.

209 (2525) തൃശൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ മെഡിക്കൽ കോളേജിൽ ഏതെല്ലാം വകുപ്പുകളാണ് ഇനിയും മുളംകുന്നത്ത് കാവിലേക്ക് മാറ്റുവാനുള്ളത്;

(ബി) വകുപ്പുകൾ രണ്ട് സ്ഥലത്ത് പ്രവർത്തിക്കുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എല്ലാ വകുപ്പുകളും മുളകുന്നത്തു കാവിലേക്ക് മാറ്റുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) തൃശൂർ മെഡിക്കൽ കോളേജ് മുളംകുന്നത്തുകാവിൽ എന്നേക്ക് പൂർണ്ണമായി പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർജറി, ന്യൂറോസർജറി, പീഡിയാട്രിക് സർജറി, ജനിറ്റോ-യൂറിനറി സർജറി, ഇ.എൻ.റ്റി., ഓർത്തോപീഡിക്സ്, ഓഫ്താൽമോളജി, ഒ. ആന്റ് ജി., അനസ്തേഷ്യ, റേഡിയോ ഡയഗ്നോസിസ്, ഡെന്റിസ്ട്രി, ബ്ലഡ് ബാങ്ക്, പ്ലാസ്റ്റിക് സർജറി, ട്രോമാകെയർ യൂണിറ്റ്.

(ബി) ഉണ്ട്.

(സി)&(ഡി) ആയിരത്തി ഇരുന്നൂറ് കിടക്കകളുള്ള കെട്ടിട സമുച്ചയം, സർജറി, ഒ.പി. ബ്ലോക്ക് എന്നിവ ഉൾപ്പെടെ, കെട്ടിടങ്ങളുടെ പണിപൂർത്തീകരിച്ചു കഴിയുകയും ശുദ്ധജല വിതരണപ്രവർത്തി പൂർത്തീകരിക്കുകയും ചെയ്തു കഴിഞ്ഞാലേ മെഡിക്കൽ കോളേജ് മുളംകുന്നത്തുകാവിൽ പൂർണ്ണമായി പ്രവർത്തനം തുടങ്ങാൻ കഴിയുകയുള്ളൂ.

210 (2526) തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ സർജറി, ഗൈനക്കോളജി വകുപ്പുകൾ മുളങ്കുന്നത്ത് കാവിലേക്ക് എന്നത്തേക്ക് മാറ്റി സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) മുളങ്കുന്നത്ത് കാവിൽ എത്ര സ്റ്റാഫ് ക്വാർട്ടേഴ്സുകൾ പണി തീർത്തിട്ടുണ്ട്;

(സി) പ്രസ്തുത ക്വാർട്ടേഴ്സുകൾ ആരോഗ്യവകുപ്പിന് കൈമാറിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ക്വാർട്ടേഴ്സുകൾ ആവശ്യക്കാർക്ക് എത്രയും പെട്ടെന്ന് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുളങ്കുന്നത്തു കാവിൽ നിലവിൽ പൂർണ്ണ തോതിലുള്ള ഓപ്പറേഷൻ തീയേറ്ററുകൾ സജ്ജീകരിച്ചിട്ടില്ല. ആയത് സജ്ജീകരിക്കുകയും, സർജറി, ഒ.പി. എന്നിവയുടെ കെട്ടിടങ്ങൾ പൂർത്തിയാക്കുകയും ചെയ്തശേഷമേ ഇക്കാര്യത്തിൽ തീരുമാനം എടുക്കാൻ കഴിയൂ.

(ബി) അറുപത്തി ഒന്ന് സ്റ്റാഫ് ക്വാർട്ടേഴ്സുകൾ പണിത്തീർന്നു.

(സി) പതിനെട്ട് എണ്ണം കൂടി കൈമാറാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly